## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2119 18.07.2016-ൽ മറുപടിക്ക്

## എസ്.എസ്.എ.യിൽ ഐ.ഇ.ഡി.സി റിസോഴ്സ് അദ്ധ്യാപകർക്ക് പുനർ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | പ്രൊഫ.സി രവീന്ദ്രനാഥ്,<br>(ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി) | |
| എ) | എസ്.എസ്.എ യിൽ കരാർ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ തുടർച്ചയായി ജോലി ചെയ്തു വന്ന ഐ.ഇ.ഡി.സി റിസോഴ്സ് അദ്ധ്യാപകരായ മുഴുവൻ പേർക്കും പുനർ നിയമനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | 2014-15 വർഷത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന 1286 റിസോഴ്സ് അദ്ധ്യാപകരിൽ നിന്നും കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുമതി നൽകിയ 795 പേർക്ക് 2015-16 ന്റെ ആദ്യഘട്ടത്തിൽ പുനർ നിയമനം നൽകുകയുണ്ടായി. 2015-16 വർഷത്തിൽ കേരള സർക്കാർ പ്രത്യേകമായി അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് 491 പേർക്ക് കൂടി പുനർനിയമനം നൽകിയിരുന്നു. ടി 491 അധ്യാപകരെ 2016-17 ൽ പുനർ നിയമനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി) | "ആർ.റ്റി കേരള" വിഭാഗത്തിൽപ്പെട്ട കഴിഞ്ഞ വർഷം വരെ ജോലി ചെയ്തവരെ ഇക്കൊല്ലം തുടരാൻ അനുവദിക്കുമോയെന്ന് വെളി--പ്പെടുത്താമോ? | ബി) | ആർ.റ്റി കേരളാ ഹെഡിൽ 2015-16 ൽ നിയമനം ലഭിച്ച റിസോഴ്സ് അധ്യാപകരെ 2016-17 വർഷത്തിൽ പുനർ നിയമനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ് |

സെക്ഷൻ ആഫീസർ